I/82635/2023

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി: 22-02-2023
Email-swdkerala@gmail.com
Phone-0471–2306040

**വിജ്ഞാപനം**

സംസ്ഥാനത്ത് ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നതും, ക്രൈസിസിൽ അകപ്പെടുന്നതുമായ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തിരുവനന്തപുരം ജില്ലയിൽ ഹ്രസ്വകാല താമസത്തിനായി കെയർ ഹോം/ ഷോർട്ട് സ്റ്റേ ഹോമുകൾ ആരംഭിയ്ക്കുന്നതിന് പുനരധിവാസ മേഖലയിൽ **കുറഞ്ഞത് മൂന്ന് വർഷത്തെ പ്രവർത്തി പരിചയമുള്ളതും** സമൂഹത്തിൽ വിശ്വാസ്യത തെളിയിച്ചിട്ടുള്ളതുമായ അംഗീകൃത NGO കളിൽ നിന്നും പ്രൊപ്പോസലുകൾ ക്ഷണിക്കുന്നു. നിലവിൽ ഒരേ സമയം 30 പേർക്ക് താമസസൗകര്യം ലഭ്യമാക്കുവാൻ കഴിയുന്ന കെട്ടിടവും മറ്റ അടിസ്ഥാന സൗകര്യങ്ങളും ഉണ്ടായിരിക്കണം. ഈ സാഹചര്യത്തിൽ സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് കെയർ ഹോം/ഷോർട്ട് സ്റ്റേ ഹോം ആരംഭിക്കുന്നതിനു വിശദമായ ധനകാര്യ വിശകലനം സഹിതമുള്ള പ്രോപ്പോസലുകൾ ബന്ധപ്പെട്ട രേഖകൾ സഹിതം **09/03/2023 വൈകിട്ട് 4 മണിക്ക്** മുൻപായി താഴെപ്പറയുന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ വകുപ്പിന്റെ വെബ് സൈറ്റിൽ ലഭ്യമാണ് (www.swdkerala.gov.in).

ഡയറക്ടർ, സാമൂഹ്യനീതിവകുപ്പ്
സാമൂഹ്യനീതിവകുപ്പ് ഡയറക്ടറ്റ്,
5-ാം നില, വികാസ് ഭവൻ,
തിരുവനന്തപുരം 695033
ഫോൺ - 0471 2306040

**സാമൂഹ്യനീതി ഡയറക്ടർ**

PEN Number: 212444
അസിസ്റ്റന്റ് ഡയറക്ടർ
സാമൂഹ്യനീതി ഡയറക്ടറേറ്റ്
തിരുവനന്തപുരം 695033

## താല്പര്യപത്രം

സംസ്ഥാന സാമൂഹ്യനീതിവകുപ്പിന് കീഴിൽ ട്രാൻസ് മെൻ വ്യക്തികൾക്കായി നടത്തുന്ന ഷോർട്ട് സ്റ്റേ/കെയർ ഹോമിന്റെ നടത്തിപ്പിനായി പ്രവർത്തിപരിചയമുള്ള NGOകളിൽ നിന്നും താല്പര്യ പത്രം ക്ഷണിക്കുന്നു.

## സംസ്ഥാന സാമൂഹ്യനീതിവകുപ്പ്

## കേരള സർക്കാർ

ട്രാൻസ്ജെൻഡർവ്യക്തികളുടെ സാമൂഹികഉന്നമനത്തിനും പുരോഗതിക്കുമായി വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, സാമൂഹികപുനരധിവാസം എന്നീ മേഖലകളിൽ ശ്രദ്ധയൂന്നിക്കൊണ്ട് സംസ്ഥാന സാമൂഹ്യനീതിവകുപ്പ് **'മഴവിൽ'** എന്ന പേരിൽ ഒരു സമഗ്ര പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ലിംഗമാറ്റശസ്ത്രക്രിയയുടെ ഭാഗമായുള്ള വിവിധ ശസ്ത്രക്രിയകൾക്ക് ശേഷം ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വിശ്രമിക്കുന്നതിനും, സ്വന്തം സ്വത്വം വെളിപ്പെടുത്തുന്നതിലൂടെ ഉപേക്ഷിക്കപ്പെടുകയോ വീടുകളിൽ നിന്ന് പുറത്താക്കപ്പെടുകയോ ചെയ്യുന്ന സാഹചര്യത്തിൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അടിയന്തിര സാഹചര്യങ്ങളിൽ താൽക്കാലിക പുനരധിവാസം ഉറപ്പാക്കുകയുമാണ് ഷോർട്ട് സ്റ്റേ ഹോമുകളുടെ ലക്ഷ്യം. സംസ്ഥാനത്ത് നിലവിൽ ട്രാൻസ്വുമൺ വ്യക്തികൾക്കായുള്ള ഒരു ഷോർട്ട് സ്റ്റേ ഹോം എറണാകുളത്ത് പ്രവർത്തിച്ച് വരുന്നുണ്ട്. തിരുവനന്തപുരത്ത് പ്രവർത്തിച്ച് വന്നിരുന്ന ട്രാൻസ്മാൻ ഷോർട്ട് സ്റ്റേ ഹോമിന്റെ പ്രവർത്തന കാലാവധി അവസാനിച്ച സാഹചര്യത്തിലാണ് പുതിയ താല്പര്യപത്രങ്ങൾ ക്ഷണിക്കുന്നത്.

പരമാവധി 30 പേർക്കുള്ള താമസ സൗകര്യവുംഭക്ഷണവും ചുവടെ ചേർക്കുന്ന മറ്റ് അനുബന്ധ സൗകര്യങ്ങളും അടിസ്ഥാനപ്പെടുത്തി ആയിരിക്കും ഫണ്ട് അനുവദിക്കുക.

### Recurring Expenditure for one year for 30 person

| | |
|---|---|
| Accommodation<br>Rent of the building/boarding expense (Rs.60000/- pm)<br>(Rs.2000/- per person) | 7,20,000/- |
| Food (Rs.2000/-per person for one month) | 7,20,000/- |
| periodicals Rs.250/- per month) | 3,000/- |
| Medical assistance (Rs.300/- per person) | 1,08,000/- |
| Telephone, Communication and stationery | 25,000/- |
| Conveyance expenses (Rs.3000/- per month) | 36,000/- |
| **HONORARIUM** | |
| Office Manager/ Accountant (Rs.15000/- per month) | 1,80,000/- |

| | |
|---|---|
| Project Social worker/ Counselor (part-time) (Rs.12000/- per month) | 1,44,000/- |
| Caretaker (Rs.12000/- per month) | 1,44,000/- |
| Cook (Rs.12000/- per month) | 1,44,000/- |
| Cleaning staff (part-time) (Rs.8000/- per month) | 96,000/- |
| TOTAL | 23,20,000/- |

Non-Recurring Expenditure

| | |
|---|---|
| Furniture, Cot, Mattresses (Rs.6000/- per person) | 1,80,000/- |
| Kitchen equipment | 1,00,000/- |
| TOTAL | 2,80,000/- |

GRAND TOTAL - Rs.26,00,000/-

**താല്പര്യപത്രം സമർപ്പിക്കുന്ന NGO കൾക്ക് ഉണ്ടായിരിക്കേണ്ട യോഗ്യതാ മാനദണ്ഡങ്ങൾ**

- സമാനമായ സ്ഥാപനങ്ങൾ നടത്തി കുറഞ്ഞത് 3 വർഷമെങ്കിലും പ്രവർത്തിപരിചയം ഉള്ളതും അംഗീകാരമുള്ളതുമായ NGO ആയിരിക്കണം.
- കേരളത്തിനുള്ളിൽ പ്രവർത്തിക്കുന്നതും, ആഫീസുള്ളതും, സാമ്പത്തിക ഭദ്രത ഉള്ളതുമായ NGO ആയിരിക്കണം.
- മാനേജിംഗ് കമ്മിറ്റി/ഓഫീസ് സംവിധാനം സാമൂഹികപരമായി മികച്ച പ്രവർത്തനം കാഴ്ചവെച്ചിട്ടുള്ളതും സൽപ്പേര് നിലനിർത്തുന്നതുമായിരിക്കണം.
- അടിസ്ഥാന സൗകര്യങ്ങളോട് കൂടിയ സ്വന്തം കെട്ടിടം ഉള്ള NGO -യ്ക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.
- ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ലിംഗമാറ്റ ശസ്ത്രക്രിയക്കു ശേഷം ഉപയോഗിക്കാൻ പ്രത്യേക ടോയിലറ്റ് ഉൾപ്പടെയുള്ള സംവിധാനങ്ങൾ ഉണ്ടായിരിക്കണം.

**താൽപര്യപത്രത്തിൽ ഉള്ളടക്കം ചെയ്യേണ്ടുന്ന രേഖകൾ**

താല്പര്യപത്രത്തിന്റെ അസ്സൽ, ഒരു ഫോട്ടോ കോപ്പി എന്നിവ ഉൾക്കൊള്ളിച്ച സീൽ ചെയ്ത കവർ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റിൽ നേരിട്ട് അയക്കേണ്ടതാണ്.

ഭാഗം 1. അപേക്ഷകരുടെ കഴിഞ്ഞ 3 വർഷങ്ങളിലെ പ്രവർത്തന റിപ്പോർട്ട്

ഭാഗം 2. അപേക്ഷകരുടെ വിവരങ്ങൾ.(അനക്സർ എ)

ഭാഗം 3. അവസാന 3 വർഷത്തെ ഓഡിറ്റ്ചെയ്ത ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ്

ഭാഗം 4. പദ്ധതി എങ്ങനെ പ്രാവർത്തികമാക്കാം എന്നത് സംബന്ധിച്ച വിശദമായ കൺസപ്റ്റ് നോട്ട് (Concept Note)